# പതിനഞ്ചാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിനുള്ള ഭേദഗതി നോട്ടീസ്**

ശ്രീ. മഞ്ഞളാംകുഴി അലി :

1. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് മന്ത്രിമാർ ഉൾപ്പെടെ നടത്തുന്നതായി പറയപ്പെടുന്ന വർഗ്ഗീയ പരാമർശങ്ങൾ സംസ്ഥാനത്തിന്റെ മതേതര കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാണെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി :

2. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ശബരിമലയിൽ നടന്ന സ്വർണ്ണക്കൊള്ള പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് കർശന നടപടി സ്വീകരിക്കണമെന്ന് പരാർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി :

3. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി. റാങ്ക് പട്ടികയിൽ ഇടം പിടിച്ചവർക്ക് നിയമനം നൽകാതെ താൽക്കാലികമായി നിയമിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചത് വഴി യുവാക്കൾക്ക് അവസരം നിഷേധിക്കപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

63/2026.

ശ്രീ. മഞ്ഞളാംകുഴി അലി :

4. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണ നടപടികളുടെ ഭാഗമായി അർഹരായ പല വോട്ടർമാരുടെയും പേരുകൾ പട്ടികയിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നതുപോലുള്ള സാഹചര്യം ഉണ്ടായത് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി :

5. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് വെട്ടിക്കുറയ്ക്കുന്നതുപോലുള്ള നടപടികൾ മൂലം അവയുടെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതായി പറയപ്പെടുന്ന നടപടികൾ ആവർത്തിക്കുകയില്ലായെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി :

6. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ആഭ്യന്തര വകുപ്പിന്റെ പരാജയം മൂലം സംസ്ഥാനത്ത് ആൾക്കൂട്ട കൊലപാതകങ്ങൾ പോലുള്ള സംഭവങ്ങൾ ഉണ്ടാകുന്നത് ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പരാർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി :

7. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ ഒരു പോലീസ് സ്റ്റേഷനിൽ ഗർഭിണിയായ യുവതിയെ സ്റ്റേഷനിൽ വച്ച് മർദ്ദിക്കുന്നത് പോലുള്ള സംഭവങ്ങൾ ഉണ്ടാകുന്നത് ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പരാർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി :

8. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് ആശുപത്രിയിലെ ചികിത്സാ പിഴവിനെ തുടർന്ന് ഒൻപത് വയസ്സുകാരിയായ പെൺകുട്ടിയ്ക്ക് കൈ മുറിച്ചു മാറ്റേണ്ടി വന്നതായി പറയപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പരാർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി :

9 . നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് വിലക്കയറ്റം തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം പരിശോധിച്ച് ആവശ്യമായ ബദൽ നടപടികൾ സ്വീകരിക്കുമെന്ന് പരാർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി :

10. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് സർക്കാർ കടമെടുത്ത തുകയുടെ വെറും 5.18 ശതമാനം മാത്രമാണ് വികസന പദ്ധതികൾക്കായി ഉപയോഗിച്ചിട്ടുള്ളതെന്ന സി.എ.ജി. റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമെന്ന് പരാർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി :

11. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സെക്രട്ടേറിയറ്റിലും വകുപ്പ് മേധാവികളുടെ ഓഫീസുകളിലും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി :

12. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

13. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ വലിയ തോതിലുള്ള നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തുന്നുണ്ടെന്നും തനത് ഫണ്ടിൽ നിന്നും പദ്ധതി വിഹിതത്തിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന പ്രത്യേക പദ്ധതികളിലേക്ക് (ഉദാഹരണത്തിന് മാലിന്യ സംസ്കരണം, ലൈഫ് മിഷൻ) നിർബന്ധിതമായി പണം വകമാറ്റേണ്ടി വരുന്നതും തദ്ദേശ സ്ഥാപനങ്ങളുടെ മുൻഗണനാ ക്രമങ്ങളെ അട്ടിമറിക്കുന്ന നടപടികളാണെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

14. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരെ ഒരു കുടക്കീഴിൽ കൊണ്ടുവന്നത് മൂലം ഇത് ഭരണപരമായ സൗകര്യത്തിനപ്പുറം, പ്രാദേശിക സ്ഥാപനങ്ങളുടെ മേലുള്ള സർക്കാരിന്റെ നിയന്ത്രണം വർദ്ധിപ്പിക്കാൻ കാരണമാകുന്നുവെന്ന് വിമർശനം നിലനിൽക്കുന്നുണ്ട് എന്നതും ഉദ്യോഗസ്ഥരുടെ വിന്യാസത്തിലും സ്ഥലം മാറ്റത്തിലും ജനപ്രതിനിധികൾക്കുള്ള സ്വാധീനം കുറയുന്നതായി പറയപ്പെടുന്നത് ഭരണത്തെ ബാധിച്ചേക്കാം എന്ന ആശങ്ക നിലനിൽക്കുന്നു എന്നത് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

15. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനായി സർക്കാർ കൊണ്ടുവന്ന ഓൺലൈൻ സംവിധാനങ്ങളും (K-Smart പോലുള്ളവ), ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങളും പലപ്പോഴും പ്രാദേശിക കൗൺസിലുകളുടെ അധികാരത്തെ മറികടക്കുന്നവയാണെന്ന് പറയപ്പെടുന്ന ആക്ഷേപം സംബന്ധിച്ചും പുതിയ നിരക്കുകളും ഫീസുകളും നിശ്ചയിക്കുന്നത് സർക്കാർ നേരിട്ടാകുന്നത് തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ബാധിക്കുന്നതാണെന്ന് പറയപ്പെടുന്ന ആക്ഷേപം സംബന്ധിച്ചും പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

16. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ 'മാലിന്യമുക്തം നവകേരളം' പോലുള്ള ക്യാമ്പയിനുകളുടെ ഭാഗമായി പ്രാദേശിക സ്ഥാപനങ്ങൾ അവരുടെ ഫണ്ടിൽ നിന്ന് വലിയൊരു തുക സർക്കാർ നിർദ്ദേശിക്കുന്ന ഏജൻസികൾക്ക് നൽകേണ്ടി വരുന്നത് ആക്ഷേപങ്ങൾക്ക് ഇടയാക്കിയിട്ടുണ്ടെന്നും, ഇങ്ങനെ നൽകേണ്ടി വരുന്നത് മൂലം പ്രദേശികമായി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന മറ്റു വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതായി പരാതിയുണ്ട് എന്നതും പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

17. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് തദ്ദേശ സ്ഥാപനങ്ങളുടെ ബില്ലുകൾ മാറുന്നതിൽ ട്രഷറി ഏർപ്പെടുത്തുന്ന നിയന്ത്രണം തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വൻ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത് എന്നതും കരാറുകാർക്ക് പണം നൽകാൻ കഴിയാത്ത സാഹചര്യം വികസന പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുന്നു എന്നതും പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

18. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ പേരിൽ വിഭാവനം ചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ

പേര് മാറ്റിയ കേന്ദ്ര സർക്കാർ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

19. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് ലഭിക്കേണ്ട തുക (Paddy procurement price) കൃത്യസമയത്ത് ലഭിക്കാത്തത് കർഷകർക്ക് വലിയ പ്രതിസന്ധി ഉണ്ടാക്കുന്നുവെന്നും ബാങ്ക് വായ്പയുമായി ബന്ധിപ്പിച്ചുള്ള പി.ആർ.എസ്. വായ്പ സംവിധാനം കർഷകരെ കടക്കെണിയിലായിരിക്കുന്നുവെന്നും പറയപ്പെടുന്ന പരാതി ശക്തമാണെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

20. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ റബ്ബർ, തെങ്ങ് തുടങ്ങിയ നാണ്യവിളകളുടെ വിലയിടിവ് കർഷകരുടെ നട്ടെല്ലൊടിക്കുന്നു എന്ന കാര്യവും റബ്ബർ വിലസ്ഥിരതാ ഫണ്ട് പോലുള്ള പദ്ധതികൾ ഉണ്ടെങ്കിലും, ഉൽപ്പാദന ചെലവിനേക്കാൾ കുറഞ്ഞ വിലയാണ് വിപണിയിൽ ലഭിക്കുന്നത് എന്നതും കർഷകരെ വലിയ തോതിൽ പ്രതിസന്ധിയിലാക്കിയിരിക്കുന്നുവെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

21. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ അപ്രതീക്ഷിതമായുണ്ടാകുന്ന അതിവൃഷ്ടിയും പ്രളയവും കൃഷിനാശത്തിന് കാരണമാകുന്നു എന്നതും ഇവയ്ക്കുള്ള വിള ഇൻഷുറൻസ് ആനുകൂല്യങ്ങൾ പലപ്പോഴും കർഷകർക്ക് യഥാസമയം ലഭ്യമാകുന്നില്ല എന്നതും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

22. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ കാട്ടുപന്നി, ആന തുടങ്ങിയ വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് നിത്യ സംഭവമായിട്ടും ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാറിന് സാധിച്ചിട്ടില്ല എന്നതും ഇത്തരത്തിലുള്ള കൃഷിനാശം മൂലം വലിയ നഷ്ടം സംഭവിക്കുന്ന കർഷകർ കൃഷി ഉപേക്ഷിക്കാൻ കാരണമാകുന്നതായി പറയപ്പെടുന്ന എന്നതും പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

23. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ വളം, കീടനാശിനി, എന്നിവയിലുണ്ടായ അമിതമായ വർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാറിന് സാധിക്കാത്തത് മൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

24. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ (KMSCL) മരുന്ന് കമ്പനികൾക്ക് നൽകാനുള്ള കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക മൂലം മരുന്ന് കമ്പനികൾ മരുന്ന് വിതരണത്തിൽ നിയന്ത്രണം കൊണ്ടു വന്നതിനാൽ കേരളത്തിലെ സർക്കാർ ആശുപത്രികളിൽ മരുന്നിന്റെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും ക്ഷാമം നിലനിൽക്കുന്നതായും മരുന്ന് ക്ഷാമം പരിഹരിക്കുന്നതിൽ ഫലപ്രദമായി ഇടപെടാൻ സർക്കാറിന് സാധിച്ചില്ലായെന്ന് പറയപ്പെടുന്നതും പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

25 . നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ക്യാൻസർ ചികിത്സ, റോബോട്ടിക് സർജറി തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾക്കായി മാറ്റിവെച്ച തുക സാമ്പത്തിക പ്രതിസന്ധി മൂലം വെട്ടിക്കുറച്ചത് ആരോഗ്യ രംഗത്ത് വലിയ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ടെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

26. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ 2025-26 ബജറ്റിൽ മരുന്ന് വാങ്ങുന്നതിനായി ആരോഗ്യ വകുപ്പ് ആവശ്യപ്പെട്ട തുകയുടെ ഒരു ചെറിയ ഭാഗം മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതും ഇത് ജില്ലാ, താലൂക്ക് ആശുപത്രികളുടെയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങളെ സാരമായി ബാധിച്ചതായും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

27. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ പഴയ കെട്ടിടങ്ങളുടെ സുരക്ഷയെ സംബന്ധിച്ച് ബഹു. ഹൈക്കോടതി പോലും സർക്കാരിനോട് വിശദീകരണം തേടേണ്ട സാഹചര്യം ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

28. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേരളത്തിലെ 30 വയസ്സിന് മുകളിലുള്ളവരിൽ പകുതിയോളം പേർക്കും (ഏകദേശം 49%) ഒന്നിലധികം ജീവിതശൈലീ രോഗങ്ങൾ ഉണ്ടെന്നാണ് 'ശൈലി' (Shylee) ആപ്പ് വഴി നടത്തിയ സ്ക്രീനിംഗിൽ കണ്ടെത്തിയതെന്ന കാര്യവും യുവാക്കൾക്കിടയിൽ വർദ്ധിച്ച് വരുന്ന ജീവിതശൈലീ രോഗങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമെന്ന കാര്യവും പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

29. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പ്രമേഹം, രക്തസമ്മർദ്ദം (Hypertension), ക്യാൻസർ, വൃക്ക രോഗം എന്നിവ കേരളത്തിൽ വളരെ വേഗത്തിൽ

വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന വസ്തുതാപരമായ കാര്യവും, ഇതിനായുള്ള ചികിത്സാ ചെലവ് കർഷകർക്കും സാധാരണക്കാർക്കും താങ്ങാവുന്നതിലപ്പുറമാണെന്നതും ഇക്കാര്യത്തിൽ ശക്തമായ ഇടപെടലുകൾ ഉണ്ടാവുമെന്ന കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

30. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കഞ്ചാവ് പോലുള്ള ലഹരി ഉൽപ്പന്നങ്ങളും MDMA, LSD തുടങ്ങിയ മാരകമായ സിന്തറ്റിക് ഡ്രഗ്ഗുകളും സംസ്ഥാനത്ത് വ്യാപകമാകുന്നു എന്ന വസ്തുതയും ഇവയുടെ ചെറിയ അളവ് പോലും കണ്ടെത്താൻ നിലവിലുള്ള പരിശോധനാ രീതികൾ കൊണ്ട് സാധ്യമാവാത്തതായി പറയപ്പെടുന്ന സാഹചര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

31. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ എക്സൈസ് വകുപ്പും പോലീസും തമ്മിൽ കൃത്യമായ വിവര കൈമാറ്റവും (Intelligence sharing) ഏകോപനവും ഇല്ലാത്തത് പ്രതികൾ രക്ഷപ്പെടാനും, ലഹരി വ്യാപനത്തിനും കാരണമാവുന്നതായി പറയപ്പെടുന്ന വസ്തുത പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

32. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത കേന്ദ്രങ്ങളുടെ (De-addiction centres) എണ്ണം വളരെ കുറവാണെന്ന കാര്യവും സ്വകാര്യ കേന്ദ്രങ്ങൾ പലതും വൻ തുകയാണ് ഈടാക്കുന്നതെന്ന കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

33. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പിടിക്കപ്പെടുന്ന ലഹരി മാഫിയാ തലവന്മാർ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് പെട്ടെന്ന് ജാമ്യത്തിലിറങ്ങുന്നതായും വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായും പറയപ്പെടുന്ന സാഹചര്യം തടയാൻ കർശന നടപടികൾ സ്വീകരിക്കുമെന്ന കാര്യം പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

34. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേരളത്തിലേക്കുള്ള ലഹരി ഉൽപ്പന്നങ്ങളുടെ വരവ് തടയുന്നതിന് അന്തർസംസ്ഥാന അതിർത്തികളിൽ ചരക്ക് വാഹനങ്ങൾ പരിശോധിക്കുന്നതിനായി അത്യാധുനിക 'ലക്ഷ്വറി സ്കാനറുകൾ' (Vehicle Scanners) സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്ന കാര്യം പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം :

35. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേരളത്തിന്റെ മതേതര കാഴ്ചപ്പാടുകൾക്കും മതേതര മൂല്യങ്ങൾക്കും കോട്ടം തട്ടുന്ന തരത്തിൽ ഈയിടെയായി വർദ്ധിച്ചു വരുന്ന വർഗ്ഗീയ പരാമർശങ്ങൾ തടയുന്നതിന് യാതൊരു നടപടികളും സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാവാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് പറയപ്പെടുന്ന വസ്തുതയും ഇത്തരം വർഗ്ഗീയ പ്രചാരകർക്ക് പിന്തുണയും പ്രോത്സാഹനവും സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായിക്കൊണ്ടിരിക്കുന്നു എന്ന് പറയപ്പെടുന്ന വസ്തുതയും പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

36. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ഇന്ത്യയിൽ മതസൗഹാർദ്ദം കൊണ്ടും, പരസ്പര സഹകരണം കൊണ്ടും, ഏറെ ഖ്യാതി കേട്ട കേരളത്തിൽ ജനങ്ങൾക്കിടയിൽ ചേരിതിരിവും വർഗ്ഗീയതയും ഉണ്ടാക്കുന്ന തരത്തിൽ വിദ്വേഷ പ്രസ്താവനകൾ ഉണ്ടാകുമ്പോൾ, അതിന് ഉത്തരവാദപ്പെട്ട ജനപ്രതിനിധികൾ വരെ നേതൃത്വം നൽകുമ്പോൾ അതിനെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന സർക്കാർ നടപടികൾ പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

37. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ വിശ്വാസികളായ ജനലക്ഷങ്ങൾ ഏറെ പവിത്രമായി കരുതി തീർത്ഥാടനം നടത്തുന്ന ശബരിമല ക്ഷേത്രത്തിലെ പവിത്രതയ്ക്ക് കോട്ടം തട്ടും വിധം ആചാര-അനുഷ്ഠാനങ്ങളിൽ ഭംഗം വരുത്തുകയും, ദേവവിഗ്രഹങ്ങളിലും ക്ഷേത്രത്തിലും ചാർത്തിയിരുന്ന സ്വർണ്ണം പോലും മോഷണം നടത്തുന്ന രീതിയിൽ കുറ്റകരമായ കാര്യങ്ങൾ ചെയ്യുന്നതും അത് തടയാനാകാത്തതായി പറയപ്പെടുന്ന ഭരണകൂട വീഴ്ചകളും പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

38. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ ക്രമസമാധാനം തകർന്നിരിക്കുന്നതായും, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും കൊലപാതകങ്ങളും അനുദിനം വർദ്ധിച്ച് വരുന്നതുമായി പറയപ്പെടുന്നത് കാരണം ജനങ്ങൾ ഭയചകിതരായി കഴിയുന്ന കാര്യം പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

39. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തിന്റെ പൊതു കടം വർഷാവർഷം വലിയ സാമ്പത്തിക ബാധ്യതയായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ, ദൈനം ദിന ചിലവുകൾക്ക് പോലും കടമെടുക്കേണ്ട നിലയിലേക്ക് സാമ്പത്തിക തകർച്ച നേരിടുന്നതിനാൽ വികസന, ക്ഷേമ

പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നതായി പറയപ്പെടുന്ന കാര്യങ്ങൾ പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

40. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിന്റെ വിഹിതം യഥാക്രമം നൽകാതെയും, നൽകേണ്ട തുകയിൽ തന്നെ സാമ്പത്തിക വർഷാവസാനത്തിൽ സാമ്പത്തിക പ്രതിസന്ധികളുടെ പേരിൽ വെട്ടിക്കുറവ് നടത്തുകയും ചെയ്യുന്ന കാരണം തദ്ദേശസ്ഥാപനങ്ങളുടെ വികസന ക്ഷേമ ആവശ്യങ്ങൾ നിറവേറ്റാനാകാത്തതായി പറയപ്പെടുന്ന സാഹചര്യം പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

41. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ മൻമോഹൻ സിംഗ് സർക്കാർ നടപ്പിലാക്കിയ ഏറ്റവും ജനക്ഷേമ തൊഴിൽദാന പരിപാടിയായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഇപ്പോഴത്തെ കേന്ദ്ര സർക്കാർ, പദ്ധതി വിഹിതം വെട്ടി കുറച്ചും പേര് മാറ്റിയും പരിഷ്കരിച്ചത് മൂലം അടിസ്ഥാന വർഗ്ഗത്തിലെ പാവപ്പെട്ടവർക്കിടയിൽ ഉണ്ടായ വലിയ ആശങ്കകൾ പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

42. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പി.എം. ശ്രീ, ലേബർ കോഡ് തുടങ്ങി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാതെ ഏകപക്ഷീയമായി കേന്ദ്രസർക്കാർ കൊണ്ട് വരുന്ന നയങ്ങളെ ആദ്യം എതിർക്കുകയും പിന്നീട് മന്ത്രിസഭയിൽ പോലും ചർച്ച ചെയ്യാതെ കേന്ദ്ര സർക്കാർ നിർബന്ധത്തിന് വഴങ്ങി ഒപ്പിടുകയും ചെയ്യുന്നതായി പറയപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ നയവ്യതിയാനങ്ങൾ പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

43. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന അരക്ഷിതാവസ്ഥയും, കെടുകാര്യസ്ഥതയും കാരണം സംസ്ഥാനത്ത് തന്നെ ഉപരിപഠനം നടത്തേണ്ട വിദ്യാർത്ഥികൾ അവസരം തേടി വിദേശത്തും ഇതര സംസ്ഥാനങ്ങളിലും പഠനം നടത്തേണ്ടി വരുന്നത് മൂലം സംസ്ഥാനത്തിന്റെ മാനവശേഷി വികസനത്തിൽ ഉണ്ടാകുന്ന മുരടിപ്പ് പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

44. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ യൂറോപ്യൻ നിലവാരത്തിലേക്ക് ഉയർന്നിരുന്ന പേര് കേട്ട കേരളത്തിന്റെ പൊതുജനാരോഗ്യ സംരക്ഷണം, നിലവിലെ സംവിധാനങ്ങളുടെ പോരായ്മയുടെയും സർക്കാരിന്റെ അശ്രദ്ധയുടെയും ഫലമായി തകരുകയും ജനങ്ങൾക്ക് ശരിയായ ചികിത്സയോ പരിചരണമോ ലഭിക്കാതെ കഷ്ടപ്പെടുകയും ചെയ്യുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

45. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്ത് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ 202 തസ്തികകൾ സൃഷ്ടിച്ചപ്പോൾ കേരളത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ അധിവസിക്കുന്ന മലപ്പുറം ജില്ലയിൽ നാല് തസ്തിക മാത്രം അനുവദിക്കുകയും, ജില്ലയിലെ എല്ലാ താലൂക്ക് ആശുപത്രികളിലും ഒരു തസ്തിക പോലും അനുവദിക്കാതെ അവഗണിക്കുകയും ചെയ്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

46. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്രവിഹിതം ഓരോ വർഷവും വെട്ടിക്കുറക്കുന്ന കേന്ദ്ര നയങ്ങളെ പിന്തുടർന്ന് സംസ്ഥാന സർക്കാരും ന്യൂനപക്ഷങ്ങളുടെയും പിന്നോക്ക വിഭാഗങ്ങളുടെയും ക്ഷേമത്തിന് വേണ്ടി അനുവദിക്കുന്ന നാമമാത്ര തുകപോലും കാര്യക്ഷമമായി ചെലവഴിക്കുകയോ, മുഴുവനായി വിനിയോഗിക്കാനോ കഴിയാത്തതായി പറയപ്പെടുന്ന സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം :

47. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ ഏറെ പങ്ക് വഹിക്കുന്ന പ്രവാസികളുടെ ക്ഷേമത്തിന് പദ്ധതികൾ ആസൂത്രണം ചെയ്യാത്തതും, മടങ്ങി വരുന്ന പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയാതിരുന്നതും ആയി പറയപ്പെടുന്ന കാര്യങ്ങൾ പരാമർശിക്കാത്തിൽ ഖേദിക്കുന്നു."

ശ്രീ. റോജി എം. ജോൺ :

48. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ മുൻകാലത്ത് നിർമാർജനം ചെയ്തവ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ സംസ്ഥാനത്ത് പടർന്നുപിടിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം നിയന്ത്രണ വിധേയമാക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. റോജി എം. ജോൺ :

49. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ ജയിൽ ഉദ്യോഗസ്ഥർ ടി. പി. ചന്ദ്രശേഖരൻ കൊലക്കേസ് പ്രതികൾ ഉൾപ്പെടെയുള്ള തടവുകാരിൽ നിന്നും കൈക്കൂലി സ്വീകരിച്ച് ജയിലുകളിൽ അനധികൃത സഹായങ്ങൾ

നൽകിയതു പോലെയുള്ള ഗുരുതരമായ കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സംസ്ഥാനത്തെ ജയിലുകളുടെ ഭരണനിർവ്വഹണത്തിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ഡോ. മാത്യു കുഴൽനാടൻ :

50. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന വെള്ള കരവും വൈദ്യുതി ചാർജ്ജും കുറക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ഡോ. മാത്യു കുഴൽനാടൻ :

51. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സാപ്പിഴവുകൾ നിരന്തരം ആവർത്തിക്കപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) :

52. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ആശാവർക്കർമാരുടെയും അംഗനവാടി ജീവനക്കാരുടെയും വേതനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) :

53. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ഈ സർക്കാരിന്റെ കാലയളവിൽ വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന ഭൂനികുതിയും കെട്ടിട നികുതിയും വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകളും കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അൻവർ സാദത്ത് :

54. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ വിവിധ സർക്കാർ ആശുപത്രികളിൽ ഉള്ളതായി പറയപ്പെടുന്ന മരുന്ന് ക്ഷാമവും ചികിത്സ സംവിധാനങ്ങളുടെ അപര്യാപ്തതയും പരിഹരിക്കുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിക്കുന്നതിനെ കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അൻവർ സാദത്ത് :

55. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്നതായി പറയപ്പെടുന്ന ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിന് അനുയോജ്യമായ നയ സമീപനങ്ങളെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

56. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത തിരിച്ചുപിടിക്കുന്നതിനും സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും അനുയോജ്യമായ നയപരിപാടികളെ കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

57. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ഗുണ്ടകളുടെയും മയക്കുമരുന്ന് മാഫിയയുടെയും രാഷ്ട്രീയ അഭയകേന്ദ്രമായി മാറിയ ജയിലുകളുടെ സംശുദ്ധീകരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരക്കുന്നതിനെ കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സജീവ് ജോസഫ് :

58. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ മനുഷ്യ, വന്യജീവി സംഘർഷങ്ങൾ തടയുന്നതിനും ജനവാസ മേഖലയിലെ വന്യജീവികളുടെ സാന്നിധ്യം ഒഴിവാക്കുന്നതിനും പ്രായോഗികമായ ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിനെ കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സജീവ് ജോസഫ്:

59. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ലഹരി കടത്തും ലഹരി മാഫിയ പ്രവർത്തനങ്ങളും അവസാനിപ്പിക്കുന്നതിന് ശക്തമായ നയപരിപാടികൾ ആവിഷ്കരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. വിൻസെന്റ്:

60. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ വിഴിഞ്ഞം പുനരധിവാസ പാക്കേജ് ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികളെ കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. വിൻസെന്റ്:

61. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും സുരക്ഷിതമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കും എന്ന് പ്രതിപാദിക്കാത്തതായി പറയപ്പെടുന്നതിൽ ഖേദിക്കുന്നു."

ശ്രീ. യു. എ. ലത്തീഫ്:

62. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

63/26.

"എന്നാൽ അത് കൊണ്ട് കടിശ്ശിക അടിയന്തരമായി നൽകണമെന്ന് എന്റെ ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെടുന്നു എന്ന് ചേർക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. യു. എ. ലത്തീഫ് :

63. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ ഇത് വരെ ഒരു ഫലം ലഭിക്കാത്തതിൽ എന്റെ ഗവൺമെന്റ് ഉത്കണ്ഠ രേഖപ്പെടുത്തുന്നു എന്ന് കൂട്ടിച്ചേർക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. യു. എ. ലത്തീഫ് :

64. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ വന്യജീവി ആക്രമണം തടയാനുള്ള നടപടികൾ എന്റെ ഗവൺമെന്റ് സ്വീകരിക്കുന്നതാണ് എന്ന് ചേർക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. യു. എ. ലത്തീഫ് :

65. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ആവശ്യങ്ങൾ പരിഗണിച്ച് ഇനിയും പുതിയ കോളേജുകളും കോഴ്സുകളും എന്റെ ഗവൺമെന്റ് അനുവദിക്കുന്നതാണ് എന്ന് കൂട്ടിചേർക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. യു. എ. ലത്തീഫ് :

66. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ആശാവർക്കർമാരുടെ ഓണറേറിയം ഇനിയും വർദ്ധിപ്പിക്കാനുള്ള നടപടികളും എന്റെ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട് എന്ന് ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. യു. എ. ലത്തീഫ് :

67. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സച്ചാർ കമ്മിറ്റി റിപ്പോർട്ട് ഫലപ്രദമായി നടപ്പാക്കുന്നതിനും എന്റെ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ചേർക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. യു. എ. ലത്തീഫ് :

68. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ ഇതിന് പുറമെ ദാരിദ്ര്യനിർമ്മാജനത്തിനായി എന്റെ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ചേർത്തു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. യു. എ. ലത്തീഫ് :

69. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ KSRTC സ്വന്തം വരുമാനം കൊണ്ട് തന്നെ മുമ്പോട്ട് പോകുവാൻ എന്റെ ഗവൺമെന്റ് സത്വര ഇടപെടലുകൾ നടത്തുന്നതാണ് എന്ന് കൂട്ടിച്ചേർക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. യു. എ. ലത്തീഫ് :

70. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പുനരധിവാസ പദ്ധതിക്കായി ഇനിയും കേന്ദ്ര സഹായത്തിനായി എന്റെ ഗവൺമെന്റ് പരിശ്രമിക്കും എന്ന് കൂട്ടിച്ചേർക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കുറുക്കോളി മൊയ്തീൻ :

71. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേരളത്തിലെ കർഷകരുടെയും കാർഷിക മേഖലയിലെയും യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യാതൊരു നയവും നിർദ്ദേശവും ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതായി പറയപ്പെടുന്നതിനാൽ ഖേദിക്കുന്നു."

ശ്രീ. കുറുക്കോളി മൊയ്തീൻ :

72. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പൊതുവിദ്യാഭ്യാസ മേഖലയിലെയും ഉന്നതവിദ്യാഭ്യാസ മേഖലയിലെയും നിലവാരത്തകർച്ച പരിഹരിക്കുന്നതിന് യാതൊരു നയവും നിർദ്ദേശവും ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതായി പറയപ്പെടുന്നതിൽ ഖേദിക്കുന്നു."

ശ്രീ. കുറുക്കോളി മൊയ്തീൻ :

73. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ കുടിശ്ശികയായിട്ടുള്ള 15% ഡി.എ./ഡി.ആർ. നൽകുന്നതിന് യാതൊരു നയവും നിർദ്ദേശവും ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. കുറുക്കോളി മൊയ്തീൻ :

74. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേരളത്തിൽ സാമൂഹിക ധ്രുവീകരണത്തിന് വഴിമരുന്നിടുകയും സാമൂഹിക ധ്രുവീകരണ ശക്തികളോട് ഐക്യദാർഢ്യപ്പെടുകയും ചെയ്യുന്നതായി പറയപ്പെടുന്ന സർക്കാരിന്റെ സമീപനങ്ങൾ അവസാനിപ്പിക്കുന്നതിന് യാതൊരു നയവും നിർദ്ദേശവും ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. കുറുക്കോളി മൊയ്തീൻ :

75. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ 265 രൂപ മാത്രം പ്രതിദിന വേതനം പറ്റി ജീവിത പ്രാരാബ്ധത്തിൽപ്പെട്ടുഴലുന്ന ആശാവർക്കാർമാരുടെ സേവന വേതന

വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് യാതൊരു നയവും നിർദ്ദേശവും ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ഡോ. എം. കെ. മുനീർ :

76. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ സർക്കാർ ആശുപത്രികളിൽ തുടർച്ചയായി ഉണ്ടാകുന്നതായി പറയപ്പെടുന്ന ചികിത്സാ പിഴവുകൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

ശ്രീ. കെ. പി. എ. മജീദ് :

77. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, വർഗ്ഗീയ ധ്രുവീകരണം നടത്തുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ നേതാക്കൾക്കെതിരെ നടപടികൾ സ്വീകരിക്കണമെന്ന വിഷയം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

78. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം യഥാസമയം വിതരണം ചെയ്യാതെയും നിയന്ത്രണം ഏർപ്പെടുത്തിയും പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്നതായി പറയപ്പെടുന്ന സാഹചര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

79. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും നേരിടുന്ന രൂക്ഷമായ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിനും തുടർച്ചയായി സംഭവിക്കുന്നതായി പറയപ്പെടുന്ന ചികിത്സാ പിഴവുകൾ

ആവർത്തിക്കാതിരിക്കുന്നതിനും ഫലപ്രദമായ നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

80. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
'എന്നാൽ, മാസങ്ങളായി മുടങ്ങിക്കിടക്കുന്നതായി പറയപ്പെടുന്ന ക്ഷേമപെൻഷനുകളും ആനുകൂല്യങ്ങളും ക്ഷേമനിധി പെൻഷനുകളും കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

81. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ പരിഷ്കരണം നടത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന പദ്ധതികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

82. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭരണത്തിലും ക്ഷേത്രസ്വത്തുകൾ സംരക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച ഉണ്ടായതായി പറയപ്പെടുന്ന സാഹചര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

83. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
'എന്നാൽ, അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ പിൻവാതിൽ വഴി കരാർ/താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതായി പറയപ്പെടുന്ന നടപടിയിൽ നിന്ന് പിൻമാറുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

84. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ളതായി പറയപ്പെടുന്ന ആനുകൂല്യങ്ങൾ കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

ശ്രീ. പി. കെ. ബഷീർ :

85. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാനത്ത് വോട്ടർ പട്ടിക തീവ്ര പരിഷ്കരണ നടപടികളുടെ ഭാഗമായി അർഹരായ വോട്ടർമാരുടെ പേരുകൾ നീക്കം ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യം തടയാൻ നടപടി സ്വീകരിക്കുമെന്ന കാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിനാൽ ഖേദിക്കുന്നു ."

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

86. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങളും സാമ്പത്തിക തട്ടിപ്പുകളും തടയുന്നതിനുള്ള നടപടികൾ ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിനാൽ ഖേദിക്കുന്നു ."

ശ്രീ. എൻ. ഷംസുദ്ദീൻ :

87. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, ജയിലിനുള്ളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും പരോൾ ലഭിക്കുന്നതിനും ജയിൽ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതായി പറയപ്പെടുന്ന സാഹചര്യം തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്ന വിഷയം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു."

ശ്രീ. യു. എ. ലത്തീഫ് :

88. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാന സർക്കാരിന്റെ ചെലവ് ഉയർന്നതു മൂലം റവന്യൂ ധനകമ്മി വർദ്ധിച്ചതിനെത്തുടർന്നുണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിനാൽ ഖേദിക്കുന്നു."

ശ്രീ. എ.കെ.എം. അഷ്റഫ് :

89. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, കാസർഗോഡ് കുമ്പള പുഴയ്ക്ക് കുറുകെയുള്ള കഞ്ചിക്കട്ട എസ്.ഡബ്ല്യു.ഇ.സി.ബി.-കം-ബ്രിഡ്ജ് പുനർനിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു."

ശ്രീ. എ. കെ. എം. അഷ്റഫ് :

90. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, ദേശീയപാത 66-ൽ തലപ്പാടിയിൽ നിലവിൽ ഒരു ടോൾ പ്ലാസ ഉണ്ടായിരിക്കെ, 22 കി.മീ. മാറി കുമ്പളയിലും ടോൾ പ്ലാസ സ്ഥാപിച്ച നടപടി റദ്ദ ചെയ്യണമെന്ന കാസർഗോഡ് നിവാസികളുടെ ആവശ്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

ശ്രീ. പി. അബ്ദുൽ ഹമീദ് :

91. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന മലപ്പുറം ജില്ലയിൽ ആരോഗ്യ രംഗത്ത് കൂടുതൽ സ്ഥാപനങ്ങളും തസ്തികകളും സൃഷ്ടിക്കുന്ന കാര്യം ഗവർണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിനാൽ ഖേദിക്കുന്നു ."

ശ്രീ. പി. ഉബൈദുള്ള :

92. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും ട്രഷറി നിയന്ത്രണങ്ങളും പരിഹരിക്കാനുള്ള വ്യക്തമായ കർമ്മ പദ്ധതി നയപ്രഖ്യാപനത്തിൽ ഇല്ലാത്തതിനാൽ ഖേദം പ്രകടിപ്പിക്കുന്നു ."

ശ്രീ. പി. ഉബൈദുള്ള :

93. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാനോ സപ്ലൈകോ വഴി സബ്സിഡി സാധനങ്ങൾ കൃത്യമായ വിതരണം ചെയ്യാനോ ഉള്ള നടപടികൾ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദം പ്രകടിപ്പിക്കുന്നു ."

ശ്രീ. പി. ഉബൈദുള്ള :

94. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, വന്യജീവി ആക്രമണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനും, റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലത്തകർച്ച പരിഹരിക്കുന്നതിനും മതിയായ പാക്കേജുകൾ പ്രഖ്യാപിക്കാത്തതായി പറയപ്പെടുന്നതിൽ ഖേദിക്കുന്നു."

ശ്രീ. പി. ഉബൈദുള്ള :

95. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ നേരിടുന്നതായി പറയപ്പെടുന്ന തൊഴിലില്ലായ്മ പരിഹരിക്കാനോ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ഊർജ്ജിതമാക്കാനോ ഉള്ള ക്രിയാത്മക നിർദ്ദേശങ്ങൾ പ്രസംഗത്തിൽ ഇല്ലാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. ഉബൈദുള്ള :

96. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സർക്കാർ ആശ്ശുപത്രികളിൽ ഉള്ളതായി പറയപ്പെടുന്ന മരുന്നുകളുടെ ദൗർലഭ്യവും സൗകര്യങ്ങളുടെ പരിമിതിയും പരിഹരിക്കുന്നതിനെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദം പ്രകടിപ്പിക്കുന്നു ."

ശ്രീ. പി. ഉബൈദുള്ള :

97. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന ലഹരി മാഫിയ പ്രവർത്തനങ്ങളും ഗുണ്ടാ ആക്രമണങ്ങളും അടിച്ചമർത്തുന്നതിൽ പോലീസ് വീഴ്ച പറ്റുന്നത് സംബന്ധിച്ച ഗൗരവമായ വിശകലനം നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തതിൽ ഖേദം പ്രകടിപ്പിക്കുന്നു ."

ശ്രീ. പി. ഉബൈദുള്ള :

98. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, കടൽക്ഷോഭവും തീരശോഷണവും മൂലം ദുരിതമനുഭവിക്കുന്നതായി പറയപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 'പുനർഗേഹം' പദ്ധതിയുൾപ്പെടെയുള്ളവ വേഗത്തിലാക്കാൻ പദ്ധതികളില്ലാത്തതായി പറയപ്പെടുന്നതിൽ ഖേദിക്കുന്നു ."

ശ്രീ. പി. ഉബൈദുള്ള :

99. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധികളും സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളിലെ അനിശ്ചിതത്വവും പരിഹരിക്കാൻ വ്യക്തമായ ദിശാബോധം പ്രസംഗത്തിൽ ഇല്ലാത്തതിനാൽ ഖേദം പ്രകടിപ്പിക്കുന്നു ."

ശ്രീ. പി. ഉബൈദുള്ള :

100. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന അധ്യാപകരുടെ നിയമനാംഗീകാരം നൽകുന്നത് സംബന്ധിച്ചും സ്കെയിലിൽ ശമ്പളവും

മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനെക്കുറിച്ചും നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു ."

ശ്രീ. പി. ഉബൈദുള്ള :

101. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാനത്ത് വൻകിട വികസന പദ്ധതികൾ പ്രഖ്യാപിക്കാതെയും മറ്റ് പ്രധാന വികസന പദ്ധതികളുടെ മെല്ലെപ്പോക്കും ഭരണനിർവ്വഹണത്തിലെ തടസ്സങ്ങളും പരിഹരിക്കാൻ നിർദ്ദേശങ്ങൾ ഇല്ലാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അനൂപ് ജേക്കബ് :

102. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, ഭരണ സംവിധാനത്തിൽ നിലവിലുള്ളതായി പറയപ്പെടുന്ന അഴിമതിയും കെടുകാര്യസ്ഥതയും ഒഴിവാക്കി സുതാര്യവും കാര്യക്ഷമവുമായ ഭരണനിർവ്വഹണം ഉറപ്പാക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അനൂപ് ജേക്കബ് :

103. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ കർമ്മപദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സണ്ണി ജോസഫ് :

104. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, രാജ്യത്ത് ഏറ്റവും ഉയർന്ന വിലക്കയറ്റ നിരക്കുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിലും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ആവശ്യമായ നയനിലപാടുകളെ കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സണ്ണി ജോസഫ് :

105. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും ധൂർത്തും ദുർചെലവുകളു നിയന്ത്രിക്കുന്നതിന് ആവശ്യമായ നയ സമീപനം സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. രമേശ് ചെന്നിത്തല :

106. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, വിദ്യാഭ്യാസത്തിനും തൊഴിലിനുമായി നിരവധി യുവാക്കൾ വിദേശ രാജ്യങ്ങളിലേക്ക് കുടിയേറുന്നതു മൂലമുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനു ഫലപ്രദമായ ബദൽ നയസമീപനങ്ങളെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. രമേശ് ചെന്നിത്തല :

107. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കേരളത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ തകർക്കാത്ത രീതിയിൽ, നമ്മുടെ പ്രകൃതി സമ്പത്തിനെയും വിഭവശേഷിയെയും കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്ന ഒരു സുസ്ഥിര വികസന നയ സമീപനത്തെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. പി. സി. വിഷ്ണുനാഥ് :

108. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ശബരിമല സ്വർണ്ണക്കൊള്ളയുടെ ഗൂഢാലോചന ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തി മുഴുവൻ കുറ്റവാളികളെയും നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. സി. വിഷ്ണുനാഥ് :

109. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയും ഡി.എ. കുടിശ്ശികയും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എ. പി. അനിൽ കുമാർ :

110. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഭേദഗതി വരുത്തി രാഷ്ട്ര പിതാവിന്റെ പേര് ഒഴിവാക്കുകയും തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതനുള്ള വ്യവസ്ഥകൾ ദുർബലപ്പെടുത്തുകയും ചെയ്ത കേന്ദ്ര സർക്കാർ നടപടിയിൽ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. എ. പി. അനിൽ കുമാർ :

111. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിവിധ ഗ്രാന്റുകൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവ സമയബന്ധിതമായി കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽഖേദിക്കുന്നു."

ശ്രീമതി ഉമ തോമസ് :

112. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനും ലഹരി മാഫിയയും ഗുണ്ടാ സംഘങ്ങളെയും അമർച്ച ചെയ്ത് ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീമതി ഉമ തോമസ് :

113. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കെട്ടിട നിർമ്മാണ പെർമിറ്റിന്റെ ഫീസ് വർദ്ധനവും ഭൂമി തരംമാറ്റ നടപടികളിലെ കാലതാമസവും മൂലം നിർമ്മാണ മേഖലയിൽ ഉണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. സിദ്ദിഖ് :

114. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ വകയിരുത്തുന്ന തുക മുഴുവനായി അനുവദിക്കുന്നതിനും അവയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനും ആനുകൂല്യങ്ങളും ധനസഹായവും കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. ടി. സിദ്ദിഖ് :

115. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി സ്വാധീനത്തിൽ നിന്നും സംരക്ഷിക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനും ആവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിക്കും എന്ന് പ്രതിപാദിക്കാത്തതായി പറയപ്പെടുന്നതിൽ ഖേദിക്കുന്നു."

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

116. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ കയർ, കശുവണ്ടി മേഖലകൾ ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായ മേഖലകൾ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അനുയോജ്യമായ നയസമീപനം സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

117. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

121. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭരണനിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചകളും സാമ്പത്തിക ക്രമക്കേടുകളും മോഷണങ്ങളും ആവർത്തിക്കാതിരിക്കുന്നതിന് അനുയോജ്യമായ നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സനീഷ്‌കുമാർ ജോസഫ് :

122. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ അടക്കമുള്ള സർക്കാർ ആശുപത്രികളിൽ എത്തുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായവർ ഉൾപ്പെടെയുള്ള രോഗികൾ സ്വന്തം ചെലവിൽ ചികിത്സാ ഉപകരണങ്ങൾ വാങ്ങി നൽകേണ്ടതായ ഗുരുതരമായ സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സനീഷ്‌കുമാർ ജോസഫ് :

123. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ആക്രമണം അതിരൂക്ഷമായി വർദ്ധിച്ചിരിക്കുന്ന ഗുരുതര സാഹചര്യത്തിൽ, തെരുവുനായ ആക്രമണം തടയുന്നതിനും ജനന നിയന്ത്രണ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

124. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേന വിതരണം ചെയ്യുന്ന പെൻഷനും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് കുടിശ്ശിക തീർത്ത് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

125. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ക്ഷാമബത്ത സർക്കാർ ജീവനക്കാരുടെ അവകാശമല്ല എന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയതായി പറയപ്പെടുന്ന തൊഴിലാളി വിരുദ്ധ നടപടി തിരുത്തുവാൻ തയ്യാറാകുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. ടി. ജെ. വിനോദ് :

118. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് വിഹിതം വെട്ടിക്കുറയ്ക്കുന്നതും അധികാരവികേന്ദ്രീകരണ തത്വങ്ങൾക്ക് വിരുദ്ധമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ വിവിധ ചുമതലകൾ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതും ഉൾപ്പെടെയുള്ള തെറ്റായ നയസമീപനങ്ങൾ തിരുത്തുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. ടി. ജെ. വിനോദ് :

119. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും അറ്റകുറ്റപണികൾ സമബന്ധിതമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. സി. ആർ. മഹേഷ് :

120. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, കാരുണ്യ ചികിത്സാ പദ്ധതി ഉൾപ്പെടെയുള്ള വിവിധ സൗജന്യ ചികിത്സാ പദ്ധതികൾക്ക് കീഴിൽ സേവനം നൽകിയ ആശുപത്രികൾക്ക് കോടിക്കണക്കിന് രൂപ കുടിശ്ശിക നൽകുവാനുള്ളതിനാൽ അർഹതപ്പെട്ട നിരവധി ആളുകൾക്ക് സൗജന്യ ചികിത്സ നിഷേധിക്കപ്പെടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. സി. ആർ. മഹേഷ് :

"എന്നാൽ, സംസ്ഥാനത്തെ ദേശീയപാത നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അശാസ്ത്രീയതയും അഴിമതിയും സംബന്ധിച്ചും ദേശീയപാത നിർമ്മാണത്തിൽ ഗുണനിലവാരം ഉറപ്പാക്കേണ്ട ആവശ്യകത സംബന്ധിച്ചും പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. ആര്യാടൻ ഷൗക്കത്ത് :

126. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ
ഖേദിക്കുന്നു."

ശ്രീ. ആര്യാടൻ ഷൗക്കത്ത് :

127. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ താമസിക്കുന്നവരുടെ ഇടയിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അടിയന്തര ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പര്യാപ്തമായ ചികിത്സാസംവിധാനങ്ങൾ അതാത് മേഖലകളിൽ ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ചാണ്ടി ഉമ്മൻ :

128. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 250 രൂപയായി ഉയർത്തുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ചാണ്ടി ഉമ്മൻ :

129. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. മോൻസ് ജോസഫ് :

130. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന തകർച്ച പരിഹരിക്കുന്നതിന് ഫലപ്രദമായ ഒരു നടപടിയും സ്വീകരിക്കുന്ന വിഷയം പ്രതിപാദിക്കാത്തതിൽ ഖേദിക്കുന്നു ."

ശ്രീ. മോൻസ് ജോസഫ് :

131. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, റബ്ബർ വിലസ്ഥിരതാഫണ്ട് 250 രൂപയായി പ്രഖ്യാപിക്കാത്തതിനാൽ ഖേദിക്കുന്നു ."

ശ്രീ. മോൻസ് ജോസഫ് :

132. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :
"എന്നാൽ, കർഷക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിപാദിക്കാത്തതിനാൽ ഖേദിക്കുന്നു ."

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജനുവരി 21.